കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ദേലംപാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി7/1290/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് ജില്ല.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.

തീയതി.06.12.2018.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ്,

( സെക്രട്ടറി മുഖേന)

ദേലംപാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ദേലംപാടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-3,3-4,3-5 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ /കെ.എസ്.ഡി 7/1290/2014 തിയ്യതി:06.12.2018.

# കാസറഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-2017 മുതൽ 31-3-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ മഹേശ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-09-2018 മുതൽ 01-10-2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ശ്രീ ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് ) |
| | (2) ശ്രീ ഗോപാലകൃഷ്ണ നായിക് പി<br>(ഓഡിറ്റ് ഓഫീസർ ) |
| | (3) ശ്രീ വിനോദ് കുമാർ വി<br>(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |

| | |
|---|---|
| | (4) ശ്രീ ജെന കുര്യാകോസ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | (5) ശ്രീ ശിവശങ്കര കെ, ( ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുസ്തഫ എം | 01-04-2017മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീ. ഹംസ.എം (അസി,സെക്രട്ടറി) | 1-4-2017 മുതൽ 28-5-2017 വരെ |
| | ശ്രീമതി. രാജേശ്വരി.ബി | 29-5-2017 മുതൽ 18-6-2017വരെ |
| | ശ്രീ.മഹാലിങ്കേശ്വര ശർമ്മ.കെ | 19-06-2017 മുതൽ വരെ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അഫിഫ.പി.ബി | 01-04-2017 മുതൽ 01-08-2017വരെ |
| | രാഘവേന്ദ്ര.പി | 02-08-2017മുതൽ 31-03-2018വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ഡാലി.സി. ഡാവിഷ് | 01-04-2017 മുതൽ 22-10-2017വരെ |
| | ഡോ.വിനീത.കെ | 23-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.വിവേക്.എസ് | 01-04-2017മുതൽ 02-08-2017വരെ |
| | ഡോ.അനിൽ | 03-08-2017മുതൽ 14-09-2017വരെ |
| | ഡോ.സരള.എ | 15-09-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ | ഡോ.അജീഷ്.പി.സി | 01-04-2017 മുതൽ 05-01-2018വരെ |
| | ഡോ.ഗോപകുമാർ.കെ.കെ. | 06-01-2018 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെ |
| വി.ഇ.ഒ (അട്ടൂർ സർക്കിൾ) | അനീഷ് കുമാർ.ബി. | 01-04-2017 മുതൽ 31-03-2018വരെ |
| വി.ഇ.ഒ (ദേലംപാടി സർക്കിൾ) | ജിനേഷ് കുമാർ.എ | 01-04-2017മുതൽ 31-03-2018വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ലിമിന.എ.ടി | 01-04-2017മുതൽ 28-11-2017വരെ |
| | ബിന്ദു.കെ.കെ | 29-11-2017മുതൽ 31-03-2018വരെ |
| ഹെഡ്മാസ്റ്റർ | ശശികുമാർ നമ്പ്യാർ.പി | 01-04-2017മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ എൻജിനിയർ | ശരത്ത്.എസ്. | 01-04-2017 മുതൽ 29-09-2017വരെ |
| | ശ്രീ.മഹാലിങ്കേശ്വര ശർമ്മ.കെ(സെക്രട്ടറി നിർവ്വഹണം നടത്തിയത്) | 30.09.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഹംസ,എം | 01-04-2017മുതൽ 31-03-2018വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഇ-ടെണ്ടർ- ബിഡ് സമ്രപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-1 |
| | ഭാഗം 3-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | വൃദ്ധർക്ക് ഊന്നുവടി നൽകൽ പദ്ധതി സംബന്ധിച്ച് | 3-1 |
| 15 | വൃദ്ധർക്ക് കട്ടിൽ (എസ്.സി) -പദ്ധതി നിർവഹണം സംബന്ധിച്ച് | 3-2 |
| 16 | വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി.) -പദ്ധതി നിർവഹണം സംബന്ധിച്ച് | 3-3 |
| 17 | വൃദ്ധർക്ക് കട്ടിൽ (ജനറൽ) -പദ്ധതി നിർവഹണം സംബന്ധിച്ച് | 3-4 |
| 18 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 19 | ഭവന നിർമ്മാണപദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 3-6 |
| 20 | കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 3-7 |
| 21 | അങ്കണവാടികൾ - അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് | 3-8 |
| 22 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല | 3-9 |
| 23 | പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ | 3-10 |

| | | |
|---|---|---|
| | ഉപയോഗപ്പെടുത്തിയില്ല | |
| 24 | പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല | 3-11 |
| 25 | പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല | 3-12 |
| | ഭാഗം 4- ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | |
| 2 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്. | |
| 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്. | |
| 4 | ബാലൻസ് ഷീറ്റ്. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

31-03-2017 തീയതിയിലെ 1/94/2017 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28-03-2018 തീയതിയിലെ 1/82/2018 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,67,59,628 |
| പ്രതീക്ഷിത വരവ് | 10,48,55,300 |
| ആകെ | 12,16,14,928 |
| പ്രതീക്ഷിത ചെലവ് | 11,09,82,450 |
| നീക്കിയിരിപ്പ് | 1,06,32,478 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27-06-2018 & 28-06-2018 | No.KSA/KSD3/962/2018 dt 10-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,83,86,609 |
| വരവ് | 7,21,38,102 |
| ആകെ | 9,05,24,711 |
| ചെലവ് | 8,74,82,744 |
| നീക്കിയിരിപ്പ് | 30,41,967 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,81,39,000 | 1,81,39,000 | 1,15,36,694 | 66,02,306 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 58,93,454 | 58,93,454 | 47,10,682 | 11,82,772 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,32,18,628 | 1,32,18,628 | 1,19,66,807 | 12,51,821 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | | 0 | 1,16,00,446 | 1,16,00,446 | 1,06,03,917 | 9,96,529 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | | 0 | 41,98,000 | 41,98,000 | 41,98,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 74,93,504 | 74,93,504 | 38,50,209 | 36,43,295 |
| കെ.എൽ.എസ്.ജി.ഡി.പി- സെൻട്രൽ (ACR പ്രകാരം) | | 0 | 32,55,746 | 32,55,746 | 24,77,705 | 7,78,041 |
| കെ.എൽ.എസ്.ജി.ഡി.പി- സംസ്ഥാനം (ACR പ്രകാരം) | | 0 | 11,12,241 | 11,12,241 | 680,803 | 4,31,438 |
| സാക്ഷരത | | 1667 | 0 | 1667 | 0 | 1667 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,11,15,551 | 1,11,15,551 | 1,11,15,551 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 27,048 | 9,00,835 | 9,27,883 | 9,14,317 | 13,566 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | 1) സമ്പൂർണ ശുചിത്വം (TSC) | 11,69,850 | 1,10,262 | 12,80,112 | 90,214 | 11,89,898 |
| | 2)സംയോജിത ശിശു വികസന പദ്ധതി (ICDS) | 21,52,857 | 2,52,538 | 24,05,395 | 15,18,722 | 8,86,673 |
| | 5) പ്രധാനമന്ത്രി യുവ ക്രീഡാ ഖേൽ അഭിയാൻ (PYCKA) | 1,13,586 | 0 | 1,13,586 | 0 | 1,13,586 |
| | 6) ജലനിധി | 36,82,094 | 35,91,829 | 72,73,923 | 67,59,852 | 5,14,071 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | 2) വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 5,10,000 | 5,10,000 | 5,10,000 | 0 |
| | 3)തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള | 0 | 7200 | 7200 | 7200 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഉത്സവ ബത്ത | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 14,95,000 | 14,95,000 | 14,50,975 | 44,025 |
| | ജില്ലാ പഞ്ചായത്ത് | 18,450 | 1,00,000 | 1,18,450 | 1,18,450 | 0 |
| ബി ഫണ്ട് | | 0 | 2,25,28,858 | 2,25,28,858 | 2,25,28,858 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,33,52,750 | 82,52,000 | 2,16,04,750 | 2,07,56,330 | 8,48,420 |
| മറ്റിനം 1) Corpus fund & Grihachaithanyam<br>2) Award & Honours | | 0 | 27,00,000 | 27,00,000 | 0 | 27,00,000 |

## 1-6 പദ്ധതി അവലോകനം

2017-18 വർഷത്തിൽ മൊത്തം 261 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 11,35,40,923 രൂപ.എന്നാൽ 171 പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ.9 പദ്ധതികൾ ഭാഗികമായി നിർവ്വഹണം നടത്തിയിട്ടുണ്ട്.മൊത്തം പദ്ധതിചെലവ് 5,54,59,776രൂപ മാത്രമാണ്.മൊത്തം അടങ്കലിന്റെ 69 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 261 | 11,35,40,923 | 171 | 5,54,59,776 | 9 | 81 | 69% |

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം

| | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 9 | 36,51,450 | 8 | 21,83,152 | 59% |
| 2 | വെറ്റിനറി സർജൻ | 10 | 49,45,619 | 5 | 5,82,362 | 11% |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 6 | 14,53,088 | 6 | 8,65,006 | 59% |
| 4 | മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 50,000 | 1 | 50,000 | 100% |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 50,000 | 1 | 50,000 | 100% |
| 6 | വില്ലേജ് എക്സ്റ്റൻഷൻ | 11 | 84,80,000 | 10 | 46,80,000 | 55% |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 58,07,941 | 10 | 43,14,785 | 74% |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 136 | 6,36,47,126 | 67 | 2,10,38,430 | 33% |
| 9 | ഹെഡ് മാസ്റ്റർ | 17 | 79,04,234 | 14 | 64,79,476 | 81% |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 26 | 77,44,913 | 26 | 71,06,270 | 91% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 31 | 98,06,552 | 25 | 56,39,018 | 57% |
| ആകെ | | | 11,35,40,923 | | 5,29,88,499 | 47% |

മൊത്തം അടങ്കലിന്റ47ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.വെറ്റി സർജൻ 11% മാത്രമാണ് ചെലവ് ചെയ്തത്.വികസനത്തിൽ പിന്നോക്ക് നിൽക്കുന്ന പഞ്ചായത്തിൽ വികസനത്തിനു വേണ്ടി സർക്കാർ ഫണ്ട് ലഭ്യമാക്കിയിട്ടും വികസന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നടക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 18 |
| 2 | വികസനം | 17 |
| 3 | ക്ഷേമകാര്യം | 13 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 11 |

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ര നം | സ്റ്റാൻഡിങ് കമ്മിറ്റിയുടെപേര് | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | ധനകാര്യം | 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 4 |
| 2 | വികസനം | 1 | കൃഷിയും അനുബന്ധമേഖലകളും | 6 |
| | | 2 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 6 |
| | | 3 | ചെറുകിട വ്യവസായം | 5 |
| | | 4 | പൊതുമരാമത്ത് | 5 |
| 3 | ക്ഷേമകാര്യം | 1 | ദാരിദ്ര്യ ലഘൂകരണം | 5 |
| | | 2 | സാമൂഹ്യക്ഷേമം | 6 |
| | | 3 | പട്ടിക ജാതി വികസനം | 5 |
| | | 4 | പട്ടിക വർഗ്ഗ വികസനം | 3 |
| | | 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 5 |
| 4 | ആരോഗ്യ,വിദ്യാഭ്യാസം | 1 | ആരോഗ്യം | 4 |
| | | 2 | കുടിവെള്ളം,ശുചിത്വം | 5 |
| | | 3 | വിദ്യാഭ്യാസം,സംസ്കാരം,കലാകായിക,യുവജനക്ഷേമം | 6 |

മോണിറ്ററിംഗ്

പ്രൊജക്റ്റുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) അഞ്ചാം മൈൽ കാണിയടുക്കം കോളനി റോഡ് ടാറിംഗ്

2) പാണ്ടികണ്ടം കോളനി റോഡ് ടാറിംഗ്

3) കുണ്ടംംപാറ അഞ്ചനമുക്ക് റോഡ് ടാറിംഗ്

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27,048 | 9,00,835 | 9,27,883 | 9,14,317 | 13,566 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,11,15,551 | 1,11,15,551 | 1,11,15,551 | 0 |
| | | | | | |

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ചുവടെ ചേർക്കുന്നു.

| 1. ജോബ് കാർഡുകൾ | | | | |
|---|---|---|---|---|
| ആകെ വിതരണം ചെയ്ത ജോബ് കാർഡുകൾ | 3,222 | | | |
| ആകെ തൊഴിലാളികളുടെ എണ്ണം | 6,056 | | | |
| സജീവമായ ജോബ് കാർഡുകളുടെ എണ്ണം | 1,873 | | | |
| സജീവമായ തൊഴിലാളികളുടെ എണ്ണം | 2,364 | | | |
| (i) സജീവമായ തൊഴിലാളികളിൽ പട്ടികജാതി തൊഴിലാളികളുടെ എണ്ണം[%] | 7.28 | | | |
| (ii) സജീവമായ തൊഴിലാളികളിൽ പട്ടികവർഗ തൊഴിലാളികളുടെ എണ്ണം[%] | 36.34 | | | |
| 2. പദ്ധതി നടത്തിപ്പിന്റെ പുരോഗതി | വർഷം 2017-2018 | വർഷം 2016-2017 | വർഷം 2015-2016 | വർഷം 2014-2015 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 45,255 | 63,434 | 80,348 | 63,737 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികജാതിതൊഴിലാളികളുടെ ശതമാനം | 5.57 | 6.48 | 7.01 | 6.66 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടിക വർഗ തൊഴിലാളികളുടെ ശതമാനം | 45.04 | 33.24 | 4 | 2.14 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ വനിതാ തൊഴിലാളികളുടെ ശതമാനം | 90.46 | 90.7 | 90.97 | 93.15 |
| ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | 39.77 | 47.95 | 64.85 | 54.66 |
| ശരാശരി വേതനം (പ്രതിദിനം ഒരാൾക്ക്) | 262.66 | 244.54 | 231.94 | 212 |

| | | | | |
|---|---|---|---|---|
| 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 58 | 91 | 401 | 209 |
| ജോലി ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1,138 | 1,323 | 1,239 | 1,166 |
| ജോലി ചെയ്ത തൊഴിലാളികളുടെ എണ്ണം | 1,302 | 1,573 | 1,486 | 1,309 |
| ജോലി ചെയ്ത ഭിന്ന ശേഷിയുള്ളവർ | 0 | 0 | 0 | 0 |
| 3. പ്രവൃത്തികൾ | | | | |
| ഏറ്റെടുത്ത പ്രവൃത്തികൾ (പുതിയത് + സ്പിൽ ഓവർ) | 255 | 596 | 605 | 451 |
| തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ | 116 | 125 | 188 | 0 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 139 | 471 | 417 | 451 |
| കാറ്റഗറി ബി പ്രവൃത്തികളുടെ ശതമാനം | 52.16 | 23.15 | 29.09 | 0 |
| 4. സാമ്പത്തിക പുരോഗതി | | | | |
| ആകെ ചെലവ് (ലക്ഷത്തിൽ) | 123.06 | 218.81 | 147.2 | 186.31 |
| വേതനം (ലക്ഷത്തിൽ) | 111.15 | 207.05 | 142.67 | 177.55 |
| സാധന സാമഗ്രികൾ/ വിദഗ്ധ തൊഴിലാളികളുടെ വേതനം (ലക്ഷത്തിൽ) | 4.16 | 0.91 | 0.24 | 0 |
| സാധന സാമഗ്രികൾ (%) | 3.61 | 0.44 | 0.17 | 0 |
| ഭരണച്ചെലവ് (ലക്ഷത്തിൽ) | 7.75 | 10.85 | 4.29 | 8.75 |
| ഭരണച്ചെലവ്(%) | 6.3 | 4.96 | 2.91 | 4.7 |
| ഒരാൾക്ക് പ്രതിദിനം വരുന്ന ശരാശരി ചെലവ് | 288.53 | 263.08 | 237.58 | 225.73 |
| EFMS വഴി ചെയ്ത ചെലവിന്റെ ശതമാനം | 98.95 | 100 | 100 | 95.3 |
| 15 ദിവസങ്ങൾക്കുള്ളിൽ ജനറേറ്റ് ചെയ്ത പേമെന്റ് % | 99.79 | 57.81 | 7.16 | 6.93 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 8,94,700 | 73 |
| വിധവാപെൻഷൻ | 11,72,600 | 959 |
| വാർദ്ധക്യകാലപെൻഷൻ | 1,55,03,900 | 1065 |
| വികലാംഗപെൻഷൻ | 38,17,600 | 304 |
| 50 വർഷം കഴിഞ്ഞ അവിവാഹിത സ്ത്രീകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,28,400 | 48 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-09-2018 5 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,400രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിൻെറ ആസ്തി രജിസ്റ്റർ ഇലക്ടിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ടിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം

ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല . ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻെറിങ് കമ്മറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-09-2018 മുതൽ 12-09-2018 വരെ | 09/2018 മുതൽ നാളിതുവരെ | 14-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-04-2012 മുതൽ 15-05-2012 വരെ | 2006-07 മുതൽ 2011-12 വരെ | 18-06-2012 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) 2017-2018 വർഷത്തിൽ തൊഴിൽ ഇല്ലായ്മ വേതന ഇനത്തിൽ 7200/- വരവ് ചെലവ് ഉണ്ട്.എന്നാൽ I&E അക്കൗണ്ടിൽ തൊഴിൽ ഇല്ലായ്മ വേതന ഇനത്തിൽ വരവ് ചെലവ് വന്നിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ 7200/- രൂപയുടെ വരവ് ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.

2)വാർഷിക ധനകാര്യപത്രിക പ്രകാരം സാക്ഷരത അക്കൗണ്ടിൽ(3469) 1,667.80 രൂപയാണ് നീക്കിയിരിപ്പ് എന്നാൽ പാസ് ബുക്ക് പ്രകാരം 31.03.2018 ന് 1734.80 രൂപയാണ് നീക്കിയിരിപ്പ്. 67 രൂപയുടെ വ്യത്യാസ ആയത് ക്രമപ്പെടുത്തേണ്ടതാണ്.

3)ACR പ്രകാരം General purpose Fund Allotment 1,81,39,000/- ചെലവ് 1,15,36,694/- ബാലൻസ് 66,02,306.00 രൂപയാണ്. എന്നാൽ AFS പ്രകാരം ചെലവ് 82,52,000/-രൂപ. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

4) Maintenance Fund (Road)-AFS പ്രകാരം ചെലവ് 1,06,03,917/-രൂപയാണ്.എന്നാൽ ACR പ്രകാരം Allotment-1,16,00,446/- ചെലവ് 1,17,29,496/- ബാലൻസ് (-)1,29,050/-

2017-2018 ൽ ചെലവഴിക്കാത്ത (Project No 102ന് )8,62,131/- രൂപയും(project No103 ന് )2,63,448/- രൂപയും മൊത്തം 11,25,579/- രൂപയുടെ ചെലവ് ACR ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5).തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (schedule I-6) ആകെ ചെലവ് 1,24,67,044/- രൂപയാണ്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക് & EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 1,24,32,786/-(Admini Ex 9,00,835+FTO 1,11,15,551+Semi Skilled Labour 4,16,400=1,24,32,786) രൂപയുമാണ്.34,258/- രൂപയുടെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

6)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

8)31.03.2018 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 2,85,788.00 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

9)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തികരിച്ചെങ്കിലും, പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ദേലംപാടി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 1,00600/-രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത തുകകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി/പ്രവൃത്തിയുടെ പേര്. | ബിഡ് സമർപ്പണ ഫീസ് | ടെണ്ടറിൽ പങ്കെടുത്ത വരുടെ എണ്ണം | പഞ്ചായ ത്തിന് ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | Shanthimala Kemmathadukka Road Development. | 1100/- | 3 | 3300/- |
| 2 | Ujampady Kallakatta Road Renovation | 1200/- | 1 | 1200/- |
| 3 | 2017-DP-188568-1 | 1100 | 3 | 3300/- |
| 4 | Vellarikaya Colony drinking Water Sceme | 1600 | 1 | 1600/- |
| 5 | Construction of Mothers brest Feeding Centre and toilet. | 2500 | 3 | 7500/- |
| 6 | Payaradukka Community Hall | 2000 | 1 | 2000/- |
| 7 | Construction of kalladka Anganawady | 2500 | 3 | 7500/- |
| 8 | Kadaumanadukka ST colony Footpath | 1200 | 2 | 2400/- |
| 9 | 2017-DP-176304-1 | 800 | 1 | 800/- |
| 10 | 2017-DP-176307-1 | 1300 | 2 | 2600/- |

| | | | | |
|---|---|---|---|---|
| 11 | 2017-DP-176301-1 | 500 | 3 | 1500/- |
| 12 | 2017-DP-176335-1 | 500 | 2 | 1000/- |
| 13 | 2017-DP-176322-1 | 1000 | 3 | 3000/- |
| 14 | 2017-DP-176304-2 | 800 | 1 | 800/- |
| 15 | 2017-DP-176305-2 | 900 | 1 | 900/- |
| 16 | 2017-DP-180762-1 | 1600 | 2 | 3200/- |
| 17 | 2017-DP-166385-2 | 1700 | 1 | 1700/- |
| 18 | 2017-DP-166401-2 | 1200 | 1 | 1200/- |
| 19 | 2017-DP-180765-1 | 1400 | 1 | 1400/- |
| 20 | 2017-DP-165953-1 | 1000 | 3 | 3000/- |
| 21 | 2017-DP-165971-1 | 1300 | 2 | 2600/- |
| 22 | 2017-DP-165976-1 | 1000 | 2 | 2000/- |
| 23 | 2017-DP-166006-1 | 2000 | 2 | 4000/- |
| 24 | 2017-DP-166014-1 | 1200 | 2 | 2400/- |
| 25 | 2017-DP-166021-1 | 1000 | 2 | 2000/- |
| 26 | 2017-DP-166025-1 | 1000 | 2 | 2000/- |
| 27 | 2017-DP-166036-1 | 1000 | 2 | 2000/- |
| 28 | 2017-DP-166036-1 | 2000 | 2 | 4000/- |
| 29 | 2017-DP-166300-1 | 2000 | 2 | 4000/- |

| | | | | |
|---|---|---|---|---|
| 30 | 2017-DP-166306-1 | 2000 | 2 | 4000/- |
| 31 | 2017-DP-166311-1 | 1000 | 2 | 2000/- |
| 32 | 2017-DP-166378-1 | 1600 | 1 | 1600/- |
| 33 | 2017-DP-166380-1 | 1900 | 2 | 3800/- |
| 34 | 2017-DP-166385-1 | 1700 | 1 | 1700/- |
| 35 | 2017-DP-166389-1 | 2500 | 3 | 7500/- |
| 36 | 2017-DP-166401-1 | 1200 | 1 | 1200/- |
| 37 | 2017-DP-166411-1 | 1400 | 1 | 1400/- |
| 38 | 2017-DP-166416-1 | 2500 | 1 | 2500/- |
| ആകെ. | | | | 1,00,600/- |

പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധർക്ക് ഊന്നുവടി നൽകൽ പദ്ധതി സംബന്ധിച്ച്

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നം. - 248/18 (157/17), ഫണ്ട് - വികസന ഫണ്ട്(ജനറൽ)

ബിൽ നം - 18/17-18 , തുക – ₹ 98,175/-

2016-17 വർഷത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തത്.103 ഗുണ ഭോക്താക്കളുടെ പട്ടിക 10.01.17 ലെ 43/17 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പദ്ധതി 2016-17 ൽ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ [ജി.ഒ(എം.എസ്)80/2017തസ്വഭവ തീ.03.4.2017] ഖണ്ഡിക 12.4 ൽ (ബുള്ളറ്റ് 4) വൃദ്ധർക്ക് ഊന്നുവടി നൽകുന്ന പദ്ധതികൾ അനുവദനീയമല്ലെന്ന് പറയുന്നുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 2 ൽ, ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിനു ശേഷമേ പദ്ധതി തയ്യാറാക്കാവൂ എന്നും

നിഷ്കർഷിക്കുന്നുണ്ട്. 2017-18 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്. എന്നാൽ പദ്ധതിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 11.11.2018 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും (തീരുമാനം-285/2018), തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമായാണ് ,ദേലമ്പാടി പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം - 1(എ), തിയതി – 02.11.18) മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

2017-18 വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ, സയന്റിഫിക് സൊല്യൂഷൻസ് , കാഞ്ഞങ്ങാട് എന്ന സ്ഥാപനം മാത്രമേ ടെണ്ടർ സമർപ്പിക്കുകയുണ്ടായുള്ളൂ. ഒരു ഊന്നുവടിക്ക് ₹ 357/- പ്രകാരമാണ് (എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കിൽ) ഇവർ ക്വോട്ട് ചെയ്തത്. വീണ്ടും ടെണ്ടർ ക്ഷണിച്ചാലും കൂടുതൽ മികച്ചത് ലഭിക്കാനുള്ള സാധ്യതയില്ലായെന്ന് വിലയിരുത്തിയ പഞ്ചായത്ത് കമ്മറ്റിയുടെ 07.12.17 ലെ 313/2018(4) തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ചു.എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ നിരക്കിൽ ഊന്നുവടി ലഭ്യമാകുമെന്നതിനാൽ, കൂടുതൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി കരാറുകാരനിൽ നിന്നും 275 ഊന്നുവടികൾ വാങ്ങുകയുണ്ടായി.ഇതിൽ 103 എണ്ണം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 2017-18 വർഷം തന്നെ നൽകി.കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 16.07.18 ൽ വയോജന ഗ്രാമസഭ വിളിച്ചു കൂട്ടുകയും, തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക പഞ്ചായത്ത് കമ്മറ്റിയുടെ 31.07.2018 ലെ 1/182/2018 നമ്പർ തീരുമാന പ്രകാരം (188 ഗുണഭോക്താക്കളുടെ) അംഗീകരിക്കുകയും ചെയ്തു. നാളിതുവരെ (24.09.18) 212 ഊന്നുവടികൾ വിതരണം ചെയ്തതായി സൂപ്പർവൈസർ അറിയിക്കുകയുണ്ടായി. അവശേഷിക്കുന്ന 63 ഊന്നുവടികൾ എത്രയും വേഗം വിതരണം ചെയ്ത് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്നതിന് വിധേയമായി ₹ 98,175/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതി നിർവഹണത്തിൽ സ്റ്റാന്റിങ് കമ്മറ്റികളുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 വൃദ്ധർക്ക് കട്ടിൽ (എസ്.സി) -പദ്ധതി നിർവഹണം സംബന്ധിച്ച്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി, പദ്ധതി നം. - 76/18

ബിൽ നം - 73/17-18 /27.03.18, തുക - ₹ 1,94,618/- , ഫണ്ട് - വികസന ഫണ്ട്(എസ്.സി.പി)

വൃദ്ധർക്ക് കട്ടിൽ (എസ്.സി) എന്ന പദ്ധതിക്ക് ₹ 3,91,500/- രൂപയാണ് നീക്കി വച്ചത്. 90 പേർക്ക് കട്ടിൽ നൽകുന്നതിനാണ് (@₹4,350/കട്ടിൽ) പദ്ധതി വിഭാവനം ചെയ്തിരുന്നത്.ഒരു കട്ടിലിന് ₹ 3,139/- നിരക്കിൽ, സയന്റിഫിക് സൊല്യൂഷൻസ് , കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്

പഞ്ചായത്ത് കമ്മറ്റിയുടെ 21.02.18 ലെ 55/2018 തീരുമാന പ്രകാരം 66 ഗുണഭോക്താക്കളുടെ പട്ടികയാണ് അംഗീകരിച്ചത്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി 62 പേർ അർഹരായിരിക്കുമെന്ന് കണക്കാക്കി, കരാറുകാരനിൽ നിന്നും 62 കട്ടിലുകളാണ് വാങ്ങിയത്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) പരിശോധിച്ച് ഉറപ്പു വരുത്തിയത് വിതരണ സമയത്തായതിനാൽ, വിതരണം നാളിതുവരെയായിട്ടും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളിൽ ഒരാൾ മരണപ്പെടുകയുണ്ടായി. അർഹത മാനദണ്ഡങ്ങൾ പാലിച്ച 52 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തു. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് സമയം അനുവദിച്ചുവെന്നാണ് നിർവഹണ

ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. കട്ടിലുകളുടെ വിതരണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോകതൃ പട്ടിക തയ്യാറാക്കുമ്പോൾ തന്നെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തിയിരുന്നുവെങ്കിൽ, നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാമായിരുന്നു.സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ സമയബന്ധിതമായ നിർവഹണത്തിന് കൃത്യമായ മേൽനോട്ടവും ആസൂത്രണവും ഉറപ്പു വരുത്തേണ്ടതാണ്.ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ 3,91,500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-3 വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി.) -പദ്ധതി നിർവഹണം സംബന്ധിച്ച്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി, പദ്ധതി നം. - 77/18

ബിൽ നം - 72/17-18/22.09.2017 , തുക – ₹ 4,94,000/- , ഫണ്ട് - വികസന ഫണ്ട്(റ്റി.എസ്.പി)

വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി) എന്ന പദ്ധതിക്ക് ₹ 5,00,200/- രൂപയാണ് നീക്കി വച്ചത് ( @4,350/കട്ടിൽ) . 115 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.പഞ്ചായത്ത് കമ്മറ്റിയുടെ 22.09.2017 ലെ 223/2017 നമ്പർ തീരുമാന പ്രകാരം 210 ഗുണഭോക്താക്കളുടെ പട്ടികയാണ് അംഗീകരിച്ചത്. ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ സയന്റിഫിക് സൊല്യൂഷൻസ് , കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് ₹ 2,784/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ നിരക്കിൽ കട്ടിൽ ലഭ്യമാകുമെന്നതിനാൽ, കൂടുതൽ ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകുന്നതിനായി 178 കട്ടിലുകൾ വാങ്ങുകയുണ്ടായി.വിതരണക്കാരന് ₹ 4,94,000/- രൂപയാണ് നൽകിയത്.

അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) പരിശോധിച്ച് ഉറപ്പു വരുത്തിയത് വിതരണ സമയത്തായതിനാൽ, വിതരണം നാളിതുവരെയായിട്ടും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളിൽ 4 പേർ മരണപ്പെടുകയുണ്ടായി. അർഹത മാനദണ്ഡങ്ങൾ പാലിച്ച 169 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തു. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് സമയം അനുവദിച്ചുവെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. കട്ടിലുകളുടെ വിതരണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോകതൃ പട്ടിക തയ്യാറാക്കുമ്പോൾ തന്നെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തിയിരുന്നുവെങ്കിൽ, നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാമായിരുന്നു.സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ സമയബന്ധിതമായ നിർവഹണത്തിന് കൃത്യമായ മേൽനോട്ടവും ആസൂത്രണവും ഉറപ്പു വരുത്തേണ്ടതാണ്.ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ 4,94,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വൃദ്ധർക്ക് കട്ടിൽ (ജനറൽ) -പദ്ധതി നിർവഹണം സംബന്ധിച്ച്

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ, പദ്ധതി നം. - 79/18

ബിൽ നം - 28/17-18 , തുക - ₹ 2,00,000/- , ഫണ്ട് - വികസന ഫണ്ട്(ജനറൽ)

ചെക്ക് നം - 1138857/28.03.18, തുക –₹ 3,50,000/-, ബ്ലോക്ക് വിഹിതം

കട്ടിൽ വിതരണത്തിനായി ഇ-ടെണ്ടർ നടപടി ക്രമങ്ങളാണ് സ്വീകരിച്ചത്. സയന്റിഫിക് സൊല്യൂഷൻസ് , കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് ₹ 2,784/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. 198 കട്ടിലുകളാണ് കരാറുകാരൻ വിതരണത്തിന് നൽകിയിട്ടുള്ളത്.198 കട്ടിലുകൾക്ക് ₹ 5,50,000/- രൂപയാണ് വിതരണക്കാരന് നൽകിയത്.

തെരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടികയിൽ 259 ഗുണഭോക്താക്കളാണുള്ളത്. അർഹത മാനദണ്ഡങ്ങൾ (പ്രായം,വരുമാനം തുടങ്ങിയവ) പരിശോധിച്ച് ഉറപ്പ് വരുത്തിയത് വിതരണ സമയത്തായതിനാൽ, വിതരണം നാളിതുവരെയായിട്ടും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളിൽ 8 പേർ മരണപ്പെടുകയുണ്ടായി. 19 കട്ടിലുകൾ വിതരണം ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. കട്ടിലുകളുടെ വിതരണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോകതൃ പട്ടിക തയ്യാറാക്കുമ്പോൾ തന്നെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നുവെങ്കിൽ, നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാമായിരുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ സമയബന്ധിതമായ നിർവഹണത്തിന് കൃത്യമായ മേൽനോട്ടവും ആസൂത്രണവും ഉറപ്പ് വരുത്തേണ്ടതാണ്.ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.ഈ എല്ലാ കാരണങ്ങളാൽ 3,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്തപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട് . പദ്ധതി ലക്ഷ്യമിട്ടിരുന്ന പ്രകാരം പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര് | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം/ വൗച്ചർ നം | തുക | സ്വീകർത്താവ് |
|---|---|---|---|---|---|
| 1 | PMAY Additional share(TSP) | Asst.Secretary | 59/17-18, dt:27.02.18 | 57,500 | Secretary, Karadka Block Pt |
| 2 | PMAY share(TSP) | Asst.Secretary | 45/17-18, dt:09.02.18 | 2,25,000 | Secretary, Karadka Block Pt |
| 3 | PMAY Additional share(SCP) | Asst.Secretary | 60/17-18, dt:27.02.18 | 50,000 | Secretary, Karadka Block Pt |
| 4 | PMAY share(TSP) | Asst.Secretary | 25/17-18, dt:30.10.17 | 1,15,000 | Secretary, Karadka Block Pt |
| 5 | Share to Social Security Mission | ICDS Supervisor | 01/17-18, dt:24.07.17 | 2,00,000 | Director, Kerala Social Security Mission |
| 6 | NPRPD Share | ICDS Supervisor | 06/17-18, dt:24.07.17 | 2,00,000 | Secretary, Dist Pt, Kasaragod |
| 7 | PMAY Additional share(Gen) | VEO Adoor circle | 07/17-18, dt:28.10.17 | 20,000 | Secretary, Karadka Block Pt |

## 3-6 ഭവന നിർമ്മാണപദ്ധതികൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്

മുൻ വർഷം മുതൽ നടപ്പിലാക്കി വരുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയാക്കാത്തതും,2017-18 ൽ തുടങ്ങിയ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,വിലാസം | നിർമ്മാണം തുടങ്ങിയത് | കൈപ്പറ്റിയ തുക | ബാക്കി തുക | പൂർത്തീകരിച്ച/ അവശേഷിക്കുന്ന ഘട്ടം | റിമാർക്സ് |
|---|---|---|---|---|---|---|

| നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി | | | | | | |
|---|---|---|---|---|---|---|
| 1 | ലക്ഷ്മി W/o ചനിയ നായ്ക്,ബളവന്തടുക്ക | 2014-15 | 2,50,000 | 50,000 | പൂർത്തീകരിച്ചു | SRO യിൽ കരാർ വച്ചില്ല |
| 2 | വെള്ളച്ചി W/oഅമ്പാടി, മണിയൂർ | 2014-15 | 2,60,000 | 40,000 | വയറിങ് പ്രവൃത്തി | SRO യിൽ കരാർ വച്ചില്ല |
| 3 | സുന്ദരിW/o അങ്കര, കല്ലടുക്ക | 2015-16 | 2,70,000 | 30,000 | വയറിങ് പ്രവൃത്തി | .. |
| 4 | വനിത W/o ശ്രീധര നായ്ക്,ദേലമ്പാടി | 2017-18 | 2,70,000 | 30,000 | വയറിങ് പ്രവൃത്തി | .. |
| 5 | ദേവകി W/o നാർണ നായ്ക്,അഡൂർ | 2017-18 | 2,10,000 | 90,000 | ലിന്റൽ | .. |
| 6 | ജയന്തി W/o ബട്യ നായ്ക്,ബൈത്തനടുക്ക | 2017-18 | 2,70,000 | 30,000 | വയറിങ് പ്രവൃത്തി | .. |
| 7 | രത്നാവതി D/o കൃഷ്ണ, ചീനാടി | 2017-18 | 2,10,000 | 90,000 | ലിന്റൽ | .. |
| നിർവഹണം - വി.ഇ.ഒ. അഡൂർ സർക്കിൾ | | | | | | |
| 8 | അമൽ S/o ശിവരാമൻ, ഉർഡൂർ | 2017-18 | 2,40,000 | 60,000 | മേൽക്കൂര | .. |
| 9 | വിജയൻ S/o കണ്ണൻ, പാണ്ടി | 2017-18 | 2,40,000 | 60,000 | മേൽക്കൂര | .. |
| നിർവഹണം - വി.ഇ.ഒ. ദേലമ്പാടി സർക്കിൾ | | | | | | |
| 10 | അബ്ദുൾ ഖാദർ S/o മൊയ്തീൻ, ഉർഡൂർ | 2017-18 | 2,40,000 | 60,000 | മേൽക്കൂര | .. |
| 11 | ശ്രീധരൻ S/o അപ്പക്കുഞ്ഞി, ഉർഡൂർ | 2017-18 | 30,000 | 2,70,000 | മുൻകൂർ | .. |

മേൽ ഭവനനിർമ്മാണങ്ങൾ എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

ദേലമ്പാടി ഗ്രാമ പഞ്ചായത്ത് പ്രധാനമായും കാർഷികവൃത്തിയിൽ അധിഷ്ഠിതമാണ്. 2017-18 വർഷത്തിൽ കൂടുതൽ വികസനോന്മുഖമായ പദ്ധതികൾ ഈ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നാണ് വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ ,കൂലി ചെലവ് നല്കുന്നപദ്ധതികൾ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. ജി.ഒ (എം.എസ്) 72/17/ തസ്വഭവ തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ

പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്.കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ , കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. കാർഷികമേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണമെന്നാണ് മേലെ സൂചിപ്പിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ മേഖലയ്ക്ക് ആവശ്യമായ പ്രാധാന്യം നല്കി, പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-8 അങ്കണവാടികൾ - അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച്

ദേലമ്പാടി ഗ്രാമ പഞ്ചായത്തിൽ ആകെ 25അംഗൻവാടികളാണുള്ളത്. ഇവയിൽ 23 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ള 2 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 19 അംഗൻവാടികളിലെ വൈദ്യുതി കണക്ഷനുള്ളൂ. സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത് 5 അംഗൻവാടികളിൽ മാത്രമാണ്. ടോയ് ലറ്റ് സൗകര്യമുള്ളത് 23 അങ്കണവാടികൾക്കാണ്. 19 അങ്കണവാടികൾക്ക് മാത്രമെ ചുറ്റുമതിൽ ഉള്ളൂ.

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി2/2011/തസ്വഭവ തീയ്യതി 22.03.11)

മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-9 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ

നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്.

ആയുർവേദ മെഡിക്കൽ ഓഫീസർ , ഹോമിയോ മെഡിക്കൽ ഓഫിസർ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

ജി.ഒ (എം.എസ്) 72/17/ തസ്വഭവ തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ 'ആർദ്രം ' മിഷനുമായി സമന്വയിപ്പിച്ച് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്കൂൾ ആരോഗ്യ പരിപാടി,ജീവിത ശൈലി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ [ജി.ഒ(എം.എസ്)80/2017തസ്വഭവതീ.03.4.2017] എംജിഎൻആർഇജിഎസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ കൃഷി ഓഫീസർ,വെറ്ററിനറി സർജൻ എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല.ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ജി.ഒ (എം.എസ്) 72/17/ തസ്വഭവ തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, മഴക്കുഴികൾ നിർമ്മിക്കുക തുടങ്ങിയ പദ്ധതികളുടെ നിർവഹണത്തിലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നുംനിർദ്ദേശിച്ചിട്ടുണ്ട്.

## 3-11 ആശ്രയ - 'അഗതി രഹിതകേരളം' പദ്ധതി നടത്തിപ്പ്

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി, പുനരധിവസിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് അഗതിരഹിത കേരളം പദ്ധതി. ഈ പദ്ധതിയിൽ, നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള,തുടർ സേവനത്തിന് അർഹരായ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ, സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ, ദേലമ്പാടി

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കുടുംബശ്രീ തയ്യാറാക്കിയ പദ്ധതിരേഖ, 29.08.2018 ലെ 15/221/2018 നമ്പർ തീരുമാനപ്രകാരമാണ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച്, കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിച്ചത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചതായാണ് സി.ഡി.എസ്. ചെയർപേഴ്സൺ അറിയിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിലവിൽ ആരംഭിക്കുന്നതേയുള്ളൂ.

പുതിയ പദ്ധതിയിൽ 104 ഗുണഭോക്താക്കളും (എസ്.റ്റി. വിഭാഗത്തിലെ 42 പേരുൾപ്പടെ), അടങ്കൽ ₹ 2,96,35,780രൂപയുമാണ് (1,29,48,100 -എസ്.റ്റി.വിഭാഗത്തിൽ) ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി കാര്യക്ഷമമായി, ഇനിയും കാലതാമസമുണ്ടാകാതെ നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

## 3-12 <u>ഗ്രാമ സഭകളിലെ ജനപങ്കാളിത്തം സംബന്ധിച്ച്</u>

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) അനുസരിച്ച് ഗ്രാമസഭയെന്നാൽ, ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തിലെ /വാർഡിലെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്ത വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളുടെ പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

<u>3എ(1)(എ)</u>– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

<u>(ബി)</u>-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

<u>(സി)</u>-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

<u>(എം)</u>-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

<u>(എൻ)</u>-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

<u>(പി)</u>-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

<u>വകുപ്പ് (9)</u> ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തി അന്തിമമായി തയ്യാറാക്കിയ ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമം, ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്.

ഗ്രാമപഞ്ചായത്തിലെ 16വാർഡുകളിലെ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1)എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 80%-90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു.

2) ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| (1)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,95,000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 5,95,000 | 0 |
| (2)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി | 65,421 | 1,34,579 |
| (3)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി(Spillover ) | 1,00,000 | 0 |
| (4)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | സാന്ത്വന പരിചരണ പരിപാടി | 1,00,000 | 0 |
| (5)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,50,000 | Scholarship to mentally & Physically challenged | 1,49,650 | 350 |
| (6)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,50,000 | വൃദ്ധർക്കുള്ള കട്ടിൽ | 3,50,000 | 0 |
| (7)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | അനുപൂരക പോഷകാഹാരം | 0 | 2,00,000 |
| (8)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8,70,000 | കല്ലടുക്ക അങ്കൺവാടി കെട്ടിട നിർമ്മാണം | 0 | 8,70,000 |
| (9)ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | വൃദ്ധർക്കുള്ള കട്ടിൽ എസ്.സി | 0 | 1,00,000 |
| (10)ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | സാന്ത്വന പരിചരണ പരിപാടി | 1,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1(1) | 1998 | കെ.കൃഷ്ണയ്യ ബല്ലാൾ | 117010100387തി 14-06-2017 |
| | 3-1(2) | 1623 | സുനിൽ ആന്റണി | 117010100393/തി 15-06-2017 |
| | 3-1(3) | 5790 | ഷംഷീർ.ബി.എം | 117010100388/തി14-6-2017 |
| | 3-1(4) | 5730 | അഞ്ഞുഞ്ഞി | 117010102026 തി31-03-2018 |
| | 3-2 | 12,987 | അബ്ദുൾകുഞ്ഞി.സി.കെ | 117010100414/തി21-06-2017 |
| ആകെ | | 28,128 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2-2 | 2016-2017 | അദ്ധ്യായം1 അനുബന്ധം3 | വസ്തുനികുതി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-2016 | 2.3,2.4 | 2016-2017 | അദ്ധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 3-3 | 2016-17 | അദ്ധ്യായം 6 (ബി) | ആശ്രയ പദ്ധതി -അർഹരായ ഗുണഭോക്താക്കളും, ഫണ്ടും,ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല-

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,21,38,102. |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,74,82,744 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,36,793 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 98,175 | ശ്രീമതി ബിന്ദു കെ കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-2 | 1,94,618 | ശ്രീമതി ബിന്ദു കെ കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-3 | 4,94,000 | ലിമിന. എ.ടി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-4 | 5,50,000 | ശ്രീമതി ബിന്ദു കെ കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| | 13,36,793 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു കെ കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ദേലമ്പാടി ഗ്രാമപഞ്ചായത്ത് | ഇല്ല |
| ലിമിന. എ.ടി. ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ലഭ്യമല്ല | ഇല്ല |
| | | |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | എൽ.എഫ്.സി 7-621/93 തിയതി.12-04-94 | 14 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി.1-253/96തിയതി 06-09-96 | 12 |
| 1991-92 to 1993-94 | എൽ.എഫ്.കെ.എസ്.ഡി.5-342/00/തിയതി.01-07-02 | 15 |
| 1994-95, 95-96 plan | എൽ.എഫ്.കെ.എസ്.ഡി4-356/05.തിയതി. 03-03-06 | 4 |
| 1997-1998 | എൽ.എഫ്.കെ.എസ്.ഡി.5-11/03തിയതി.30-05-03 | 17 |
| 1998-1999 | എൽ.എഫ്.കെ.എസ്.ഡി.5-431/03തിയതി.30-04-05 | 12 |

| | | |
|---|---|---|
| 1999-2000 plan | എൽ.എഫ്.കെ.എസ്.ഡി.5-626/03തിയതി.01-10-05 | 6 |
| 1999-2000 final | എൽ.എഫ്.കെ.എസ്.ഡി.5-555/05തിയതി.14-07-07 | 11 |
| 2000-2001 plan | എൽ.എഫ്.കെ.എസ്.ഡി.5-627/03തിയതി.01-10-05 | 4 |
| 2001-2002 plan | എൽ.എഫ്.കെ.എസ്.ഡി.5-628/03തിയതി.11-10-05 | 2 |
| 1996-1997 Exp | എൽ.എഫ്.കെ.എസ്.ഡി.5-560/98തിയതി.15-01-12 | 1 |
| 2001-2002 final | എൽ.എഫ്.കെ.എസ്.ഡി.4-992/08തിയതി.02-04-09 | 4 |
| 2000-2001 final | എൽ.എഫ്.കെ.എസ്.ഡി.4-993/08തിയതി.13-05-10 | 3 |
| 2002-2003 | എൽ.എഫ്.കെ.എസ്.ഡി.4-983/08തിയതി.26-06-09 | 6 |
| 2003- 2004 | എൽ.എഫ്.കെ.എസ്.ഡി.4-213/09തിയതി.11.5.10 | 17 |
| 2004- 2005 | എൽ.എഫ്.കെ.എസ്.ഡി.3-137/11തിയതി.20-11-11 | 5 |
| 2005-2006 | എൽ.എഫ്.കെ.എസ്.ഡി.3-249/11തിയതി.20-10-11 | 13 |
| 2006-2007 | എൽ.എഫ്.കെ.എസ്.ഡി.3-210/11തിയതി.20-10-11 | 6 |
| 2007-2008 | എൽ.എഫ്.കെ.എസ്.ഡി.4-923/11തിയതി.29-09-12 | 7 |
| 2008-2009 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | 11 |
| 2009-2010 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | |
| 2010-2011 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | |
| 2011-2012 | എൽ.എഫ്.കെ.എസ്.ഡി.6-475/12തിയതി.04-02-14 | 13 |

| | | |
|---|---|---|
| 2012-13,<br>2013-14 | എൽ.എഫ്.കെ.എസ്.ഡി.7-31/15തിയതി.11-06-15 | 24 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.7-1014/15തിയതി.13-10-15 | 23 |
| 2015-16 | എൽ.എഫ്.കെ.എസ്.ഡി.7-1051/16തിയതി.15-10-2016 | 18 |
| 2016-17 | എൽ.എഫ്.കെ.എസ്.ഡി.7-755/2017തിയതി.05.07.2017 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ദേലംപാടി ഗ്രാമ പഞ്ചായത്തിന്റെ

2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

ദേലംപാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2017-2018 വർഷത്തിൽ തൊഴിൽ ഇല്ലായ്മ വേതന ഇനത്തിൽ 7200/- വരവു ചെലവു ഉണ്ട്.എന്നാൽ I&E അക്കൗണ്ടിൽ തൊഴിൽ ഇല്ലായ്മ വേതന ഇനത്തിൽ വരവ് ചെലവ് വന്നിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ 7200/- രൂപയുടെ വരവ് ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.
2. വാർഷിക ധനകാര്യപത്രിക പ്രകാരം സാക്ഷരത അക്കൗണ്ടിൽ(3469) 1,667.80 രൂപയാണ് നീക്കിയിരിപ്പ് എന്നാൽ പാസ് ബുക്ക് പ്രകാരം 31.03.2018 ന് 1734.80 രൂപയാണ് നീക്കിയിരിപ്പ്. 67 രൂപയുടെ വ്യത്യാസ ആയത് ക്രമപ്പെടുത്തേണ്ടതാണ്.
3. ACR പ്രകാരം General purpose Fund Allotment 1,81,39,000/- ചെലവ് 1,15,36,694/- ബാലൻസ് 66,02,306.00 രൂപയാണ്. എന്നാൽ AFS പ്രകാരം ചെലവ് 82,52,000/-രൂപ. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.
4. Maintenance Fund (Road)-AFS പ്രകാരം ചെലവ് 1,06,03,917/-രൂപയാണ്.എന്നാൽ ACR പ്രകാരം Allotment-1,16,00,446/- ചെലവ് 1,17,29,496/- ബാലൻസ് (-)1,29,050/- 2017-2018 ൽ ചെലവഴിക്കാത്ത (Project No 102ന് ) 8,62,131/- രൂപയും(project No103 ന്)2,63,448/- രൂപയും മൊത്തം 11,25,579/- രൂപയുടെ ചെലവ് ACR ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
5. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (schedule I-6) ആകെ ചെലവ് 1,24,67,044/- രൂപയാണ്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ്ബുക്ക് & EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 1,24,32,786/-(Admini Ex 9,00,835+FTO 1,11,15,551+Semi Skilled Labour 4,16,400 = 1,24,32,786) രൂപയുമാണ്.34,258/- രൂപയുടെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.
6. ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.
8. 31.03.2018 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 2,85,788.00 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.
9. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തികരിച്ചെങ്കിലും, പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Delampady Grama Panchayat RECEIPT & |
|---|

| PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18385521.00 |
| Cash | Cash | RP-40(a) | 1088.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 542612.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2200.00 |
| 140000000 | Fees & User Charges | RP-4 | 163468.00 |
| 150000000 | Sale & Hire Charges | RP-5 | 339213.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58788685.00 |
| 171000000 | Interest Earned | RP-9 | 24117.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9484626.00 |
| 350000000 | Other Liabilities | RP-36 | 440333.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 587.00 |
| 340000000 | Deposits Received | RP-34 | 89528.00 |
| 350000000 | Other Liabilities | RP-36 | 122868.00 |
| 410000000 | Fixed Assets | RP-38 | 92351.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1708281.00 |
| 460000000 | Loans, Advances and Deposits | RP-47 | 339233.00 |
| | Grand total | | 90524711.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3099001.00 |
| 220000000 | Administrative Expenses | RP-12 | 700868.00 |
| 230000000 | Operations & Maintenance | RP-13 | 260076.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4900059.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22245267.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1717314.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1706026.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 511658.00 |
| 255000000 | Maintenance Projects | RP-20 | 9278294.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 576303.00 |
| 280000000 | Prior Period item | RP-26 | -15851.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18450.00 |
| 350000000 | Other Liabilities | RP-36 | 9016570.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 9933.00 |
| 340000000 | Deposits Received | RP-34 | 158600.00 |
| 350000000 | Other Liabilities | RP-36 | 2824986.00 |
| 410000000 | Fixed Assets | RP-38 | 12506383.00 |
| 412000000 | Capital work in Progress | RP-40 | 2672887.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14628593.00 |
| 460000000 | Loans, Advances and Deposits | RP-47 | 667327.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2972137.00 |
| Cash | Cash | RP-40(b) | 69830.00 |
| | Grand Total | | 90524711.00 |

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Delampady Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1728652.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 324343.00 |
| 140000000 | Fee & User Charges | I-4(b) | 191808.00 |
| 150000000 | Sale & Hire Charges | I-5(b) | 339213.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 94890247.00 |
| 171000000 | Interest Earned | I-8 | 24117.00 |
| 180000000 | Other Income | I-9 | 587.00 |
| | Total Income | | 97498967.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8116976.00 |
| 220000000 | Administrative Expenses | I-11(b) | 718523.00 |
| 230000000 | Operations & Maintenance | I-12(b) | 257597.00 |
| 240000000 | Interest & Finance Charges | I-13 | 9933.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7697647.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31111182.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2795449.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1706026.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 22528858.00 |
| 255000000 | Maintenance Projects | I-14(e) | 9278294.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 6647711.00 |
| 272000000 | Depreciation | I-17(a) | 13980999.00 |

| | | | |
|---|---|---|---|
| | Total Expenditure | | 104849195.00 |
| | Gross Surplus/ Deficit of income over Expenditure | | -7350228.00 |
| 280000000 | Prior Period Item | I-18 | -592652.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -6757576.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Delampady Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -9535505.70 |
| 312000000 | Reserves | B-3 | 70617996.00 |
| | Total Reserve & Surplus | | 61082490.30 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5623171.00 |
| | Total Grants, Contributions for Specific Purposes | | 5623171.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 187732.00 |
| 350000000 | Other Liabilities | B-9 | 1254616.30 |
| | Total Current Liabilities and Provisions | | 1442348.30 |
| | TOTAL LIABILITIES | | 68148009.60 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 85209870.00 |
| 411000000 | Accumulated Depreciation | B-11 | -36014820.00 |
| 412000000 | Capital Work in Progress | B-11(a) | 285788.00 |
| | Total Fixed Assets | | 49480838.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 15395110.60 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 3041967.00 |
| 460000000 | Loand, Advances and Deposits | B-18 | 230094.00 |
| | Total Current Assets, Loans and Advances | | 18667171.60 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |